**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1121** **06-10-2021 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിലെ സാംസ്കാരിക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കോട് മണ്ഡലത്തിൽ 2011 മുതൽ 2021 മാർച്ച് വരെ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി അഴീക്കോട് മണ്ഡലത്തിൽ കണ്ണൂർ ബ്ലോക്കിൽ 4 ഉം കല്ല്യാശ്ശേരി ബ്ലോക്കിലുള്ള ഒരു ഗ്രാമപഞ്ചായത്തിലും കലാകാരന്മാരെ വിന്യസിക്കുകയും പ്രസ്തുത ബ്ലോക്കു പഞ്ചായത്തിനു കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഓരോ കലാകാരനും 10,000/- രൂപ സാംസ്കാരിക വകുപ്പിൽ നിന്നും 5000/- രൂപാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഉൾപ്പെടെ പ്രതിമാസം ആകെ 15,000/- രൂപ ഫെലോഷിപ്പായി നൽകി വരുന്നുണ്ട്. അഴീക്കോട് മണ്ഡലത്തിൽ ചിറയ്ക്കലിൽ പ്രവർത്തിക്കുന്ന കേരള ഫോക് ലോർ അക്കാദമിയുടെ നേതൃത്വത്തിൽ അന്യം നിന്നു പോകുന്ന നാടൻ കലകൾ പുതുതലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിനും നാടൻ കലകൾ പഠിക്കുന്ന കുട്ടികൾക്ക് സ്റ്റൈപ്പന്റ്, സ്കൂൾ ഫോക് ലോർ ക്ലബ്ബ്, കോളേജ് ഫോക് ലോർ ക്ലബ്ബ് ഇന്ത്യയ്ക്കകത്തുള്ള നാല്പതിൽ പരം വംശീയ കലകൾ അവതരിപ്പിക്കുന്ന ശില്പശാല തുടങ്ങിയ പരിപാടകൾ അവതരിപ്പിച്ചിട്ടുണ്ട്. കേരള ഫോക് ലോർ അക്കാദമി ആസ്ഥാനത്ത് പി.കെ.കാളൻ മെമ്മോറിയൽ ആർട്ട് ഗ്യാലറി 2011-12 സാമ്പത്തിക വർഷത്തിൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. ഫോക് ലോർ അക്കാദമി ഓഫീസ് പരിസരത്ത് ചെറുശ്ശേരി സ്മൃതി മണ്ഡപം 2012-13 സാമ്പത്തിക വർഷത്തിൽ പണികഴിപ്പിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ചിറയ്ക്കൽ അക്കാദമി മ്യൂസിയം നവീകരണ പദ്ധതി പൂർത്തീകരിച്ചു. ചലച്ചിത്ര അക്കാദമി ടൂറിംഗ് ടാക്കീസിന്റെ ഭാഗമായി അഴീക്കോട് മണ്ഡലത്തിൽ ഉൾപ്പെടുന്ന കണ്ണൂർ സെൻട്രൽ ജയിൽ, വനിതാ ജയിൽ |

| | | | |
|---|---|---|---|
| | | | എന്നിവിടങ്ങളിൽ വിവിധ ഘട്ടങ്ങളിൽ ചലച്ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. അതിനു പുറമേ അഴീക്കൽ ചാല് വൃദ്ധസദനം, ചിറയ്ക്കൽ ഗാന്ധിജി റൂറൽ ലൈബ്രറി, പാപ്പിനിശ്ശേരി, അഴീക്കോട്, നാറാണത്ത്, പുതിയതെരു, പനങ്കാവ്, കൃഷ്ണ മേനോൻ വനിതാ കോളേജ് എന്നീ പ്രദേശങ്ങളിലും സിനിമാ പ്രദർശനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | പൂർത്തിയാകാത്ത ഏതെങ്കിലും പദ്ധതികൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ